# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2553 — 06/12/2018-ൽ മറുപടിക്ക്

### വൈദ്യുതി ബാർട്ടർ സമ്പ്രദായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ആർ. രാമചന്ദ്രൻ**<br>**,, എൽദോ എബ്രഹാം** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | തെക്ക് പടിഞ്ഞാറൻ മൺസൂണിന്റെ ഭാഗമായി ലഭിച്ച അധിക വെള്ളത്തിൽ നിന്നും ഉല്പാദിപ്പിച്ച വൈദ്യുതി ബാർട്ടർ സമ്പ്രദായത്തിലൂടെ വൈദ്യുതി ക്ഷാമമുള്ള സംസ്ഥാനങ്ങൾക്ക് നല്കുന്നതിന് വൈദ്യുതി ബോർഡ് ആലോചിക്കുന്നുണ്ടോ; | (എ) | കേരളത്തിലെ മൊത്തം ഊർജ്ജലഭ്യതയും, കാലാവസ്ഥ വ്യതിയാനങ്ങളും കണക്കിലെടുത്ത് കെ.എസ്.ഇ.ബി. ബാർട്ടർ (ബാങ്കിംഗ്) സമ്പ്രദായത്തിലൂടെ വൈദ്യുതിക്ഷാമമുള്ള സംസ്ഥാനങ്ങൾക്ക്, വൈദ്യുതി നൽകുന്നത് ആലോചിക്കാറുണ്ട്. ഇപ്രകാരം, തെക്ക് പടിഞ്ഞാറൻ മൺസൂണിന്റെ ഭാഗമായി ലഭിച്ച അധിക വെള്ളത്തിൽ നിന്നും ഉൽപാദിപ്പിച്ച 135.9 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഹരിയാന സംസ്ഥാനത്തിനു 16.06.2018 മുതൽ 30.09.2018 വരെ കൊടുത്തു (മേൽ സൂചിപ്പിച്ച 135.9 മെഗാവാട്ട് വൈദ്യുതി, ഹരിയാന, കേരളത്തിനു നവംബർ 2017 മുതൽ മാർച്ച് 2018 വരെ തന്നത്, ബാങ്കിംഗ് വ്യവസ്ഥ പ്രകാരം തിരിച്ചു നൽകിയതാണ്).<br>ഇത് കൂടാതെ, രാജസ്ഥാനിലേക്ക് നവംബർ 2018 മുതൽ ഡിസംബർ 2018 വരെ 28.5 മെഗാവാട്ട് വൈദ്യുതി, അധിക വെള്ളം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കിംഗ് വ്യവസ്ഥ പ്രകാരം നൽകുന്നുണ്ട്. ഇങ്ങനെ വാങ്ങുന്ന വൈദ്യുതി, ഉപഭോഗം കൂടുതലായി അനുഭവപ്പെടുന്ന 2019 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ, രാജസ്ഥാൻ കേരളത്തിന് തിരിച്ചു നൽകാൻ ആവശ്യമായ വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. മേൽപറഞ്ഞ രണ്ട് ബാങ്കിംഗ് ഇടപാടുകൾ ടെൻഡർ നടപടികളിലൂടെ ഉണ്ടായതാണ്. |
| (ബി) | ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ ഏറിയും കുറഞ്ഞുമുള്ള വൈദ്യുതി ഡിമാന്റ് സംസ്ഥാനത്തിന് ക്ഷാമ കാലത്ത് ഉപയോഗപ്പെടുത്തുന്നതിനായാണോ ബോർഡ് ഇത്തരം ആലോചന നടത്തുന്നതെന്ന് അറിയിക്കാമോ; | (ബി) | അതെ. |

| | | | |
|---|---|---|---|
| (സി) | വൈദ്യുതി സമൃദ്ധിയുടെ കാലത്ത് മറ്റ് സംസ്ഥാനങ്ങൾക്ക് നല്കി ക്ഷാമ കാലത്ത് തിരികെ വാങ്ങുന്ന സംവിധാനത്തിന്റെ പ്രവർത്തനം എങ്ങനെയാണെന്ന് വിശദമാക്കുമോ? | (സി) | ഊർജ്ജ ബാങ്കിംഗ് അഥവാ വൈദ്യുതി ബാർട്ടർ സമ്പ്രദായം എന്നാൽ രണ്ട് യൂട്ടിലിറ്റികൾ, വ്യക്തമായ സമയപരിധിക്കുള്ളിൽ നിന്ന് കൊണ്ട്, അവരവരുടെ കൈവശമുള്ള അധിക വൈദ്യുതി പരസ്പരം കൈമാറ്റം ചെയ്യുന്ന പ്രക്രിയയാണ്. ഉദാഹരണത്തിന്, കേരളത്തിലെ വേനൽ കാലത്ത്, വടക്കൻ മേഖലയിലെ യൂട്ടിലിറ്റികൾക്ക് ശൈത്യകാലമാണ്. അതിനാൽ വൈദ്യുതി ആവശ്യകത വ്യത്യസ്ഥമായിരിക്കും. അതുപോലെ കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതി കൂടുതൽ ആവശ്യമുള്ള സംസ്ഥാനങ്ങൾക്ക് പമ്പിംഗ് ആവശ്യമായുള്ള അതിരാവിലെ വലിയ അളവിലുള്ള വൈദ്യുതിയുടെ ആവശ്യം വരും. എന്നാൽ കേരളത്തിൽ വൈദ്യുതി ഉപഭോഗം കൂടുന്നത് വൈകുന്നേരം 6 മുതൽ 10 മണി വരെയുള്ള സമയമാണ്. ഇത്തരത്തിൽ വ്യത്യസ്ഥമായ ആവശ്യകതകളിൽ നിന്നും വരുന്ന അവസരങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ രണ്ട് യൂട്ടിലിറ്റികൾ തമ്മിൽ ഊർജ്ജ ബാങ്കിംഗിൽ ഏർപ്പെടാൻ സാധ്യമാവുന്നു. ഇത്തരത്തിൽ ഊർജ്ജ ബാങ്കിംഗിൽ ഏർപ്പെടുന്നത് വഴി, ഒരു യൂട്ടിലിറ്റിക്ക് തന്റെ കൈവശമുള്ള മിച്ച വൈദ്യുതി, മറ്റൊരു യൂട്ടിലിറ്റിയുടെ പക്കൽ സംഭരിച്ചുവെയ്ക്കാനും, ആവശ്യമായ ഘട്ടത്തിൽ തിരിച്ചു വാങ്ങുവാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ